# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 638 | 25.05.2017 -ൽ മറുപടിക്ക്

## സമഗ്ര ടൂറിസം വികസന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. കെ.ജെ. മാക്സി<br>ശ്രീ. സി.കെ. ഹരീന്ദ്രൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സമഗ്ര ടൂറിസം വികസന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) യും ബി) യും | സംസ്ഥാനത്ത് സമഗ്ര ടൂറിസം വികസന പദ്ധതികൾക്കുള്ള നടപടികളാണ് നിലവിൽ ആവിഷ്കരിച്ച് വരുന്നത്. സംസ്ഥാന സർക്കാരിന്റെയും സംസ്ഥാന സർക്കാർ സംരംഭമായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെയും കേന്ദ്ര സർക്കാരിന്റെയും സഹായത്തോടെയുള്ള സമഗ്ര ടൂറിസം വികസനമാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ വികസിപ്പിക്കുന്ന കേന്ദ്രങ്ങളോടൊപ്പം സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടെയുള്ള ടൂറിസംപദ്ധതികളും സ്വകാര്യ മേഖലയിലുള്ള പദ്ധതികളും വിവക്ഷിക്കുന്നുണ്ട്. ഹോട്ടലുകൾ, കൺവെൻഷൻ സെന്ററുകൾ, ടൂറിസ്റ്റ് ട്രാൻസ്പോർട്ട് സംവിധാനങ്ങൾ, വഴിയോര വിശ്രമകേന്ദ്രങ്ങൾ, ആയുർവേദ കേന്ദ്രങ്ങൾ, ഹൗസ് ബോട്ടുകൾ, ഹോംസ്റ്റേകൾ, അഡ്വഞ്ചർ ടൂറിസം തുടങ്ങി വിവിധ മേഖലകൾ സ്വകാര്യ നിക്ഷേപത്തിനായി സാധ്യതയുള്ളതാണ്. പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ 977479 വിദേശ ടൂറിസ്റ്റുകളും 12465571 ആഭ്യന്തര ടൂറിസ്റ്റുകളും ഒരു വർഷത്തിൽ കേരളം സന്ദർശിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും, ടൂറിസം സെന്ററുകൾ |

ഭിന്നശേഷി സൗഹൃദമാക്കിയും അടുത്ത 5 വർഷം കൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും, ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 50% വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ഇപ്പോൾ 14 ലക്ഷം തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അടുത്ത അഞ്ച് വർഷം കൊണ്ട് 4 ലക്ഷത്തിലധികം തൊഴിലവസരം സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നു.

സി) ഇതിനായി ഏതെല്ലാം വിനോദ സഞ്ചാര കേന്ദ്രങ്ങളെയാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്;

സി) പ്രധാനപ്പെട്ട മലയോര, കായലോര ടൂറിസം കേന്ദ്രങ്ങൾ, ബീച്ചുകൾ, ഇക്കോ ടൂറിസം കേന്ദ്രങ്ങൾ മറ്റ് സാധ്യതയുള്ള ടൂറിസം മേഖലകൾ, പൈതൃക സംരക്ഷിത കേന്ദ്രങ്ങൾ, ബേക്കൽ, തലശ്ശേരി, മുസിരിസ് തുടങ്ങിയ വിവിധ കേന്ദ്രങ്ങളുമാണ് ഈ രീതിയിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ മലബാറിന്റെ ടൂറിസം സാദ്ധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്താനും അതുവഴി ധാരാളം തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യാനും കഴിയുന്ന തീമാറ്റിക് സർക്യൂട്ടായ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയും നടപ്പാക്കാൻ പ്രാരംഭ നടപടി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ സാഹസിക ടൂറിസത്തിന് സാധ്യതയുള്ള കേരളത്തിലെ പരമാവധി കേന്ദ്രങ്ങളും വികസിപ്പിക്കാൻ ലക്ഷ്യം വയ്ക്കുന്നു.

ഡി) വിവിധ തീർത്ഥാടന കേന്ദ്രങ്ങൾ ലക്ഷ്യമാക്കി തീർത്ഥാടന ടൂറിസം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

ഡി) സംസ്ഥാനത്തെ തീർത്ഥാടന കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചുള്ള വിവിധങ്ങളായ ടൂറിസം സർക്യൂട്ട് പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. കേന്ദ്രസഹായത്തോടെയുള്ള പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ഇത്തരം കേന്ദ്രങ്ങളിൽ വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഇവയുടെ പൈതൃകവും തനിമയും നിലനിർത്തിക്കൊണ്ടുള്ള വികസനമാണ് ഉദ്ദേശിക്കുന്നത്. പ്രധാന തീർത്ഥാടന കേന്ദ്രങ്ങളായ ശ്രീ പത്മനാഭ സ്വാമിക്ഷേത്രം, ഗുരുവായൂർ, ശബരിമല, ആറന്മുള എന്നിവ

ഉൾപ്പെടുന്ന കേന്ദ്രങ്ങൾ വികസിപ്പിക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തികൾ നടപ്പിലാക്കി വരുന്നു. മലയാറ്റൂർ, കാലടി പിൽഗ്രിം ടൂറിസം സർക്യൂട്ട് വികസിപ്പിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.